**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 437** **15-03-2023 - ൽ മറുപടിയ്ക്ക്**

**റബ്ബർ കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റബ്ബർ കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തിലെ റബർ കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങു വിലയും, റബ്ബർ ബോർഡ് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്കു നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ടു ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്.<br><br>കാലാകാലങ്ങളിൽ റബ്ബർ കർഷകരുടെ ആവശ്യങ്ങൾ അനുസരിച്ച് ഈ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾ സർക്കാർ വരുത്താറുണ്ട്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോ ഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>റബ്ബറിനെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിലുംപെടുത്തി സംസ്ഥാന സർക്കാർ ആനുകൂല്യം നൽകി വരുന്നുണ്ട്.<br><br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കുറഞ്ഞത് 25 റബ്ബർ മരങ്ങളെങ്കിലും ഉള്ള കർഷകന് തന്റെ മുഴുവൻ മരങ്ങളും ഇൻഷ്വർ ചെയ്തു കൊണ്ട് ഈ പദ്ധതിയിൽ അംഗമാകാം. കുറയെടുക്കുന്ന |

| | | | |
|---|---|---|---|
| | | | മരങ്ങൾക്ക് വാർഷിക പ്രീമിയം ആയി മരമൊന്നിന് 3 രൂപയോ ത്രൈ വാർഷിക പ്രീമിയമായി മരമൊന്നിന് 7.5 രൂപയോ അടയ്ക്കേണ്ടതാണ്. പ്രകൃതിക്ഷോഭം വന്യമൃഗ ആക്രമണം, കാട്ടുതീ, ചുഴലിക്കാറ്റ്, ഇടിമിന്നൽ എന്നിവ മൂലം കൃഷി നശിച്ചാൽ കറയെടുക്കുന്ന മരമൊന്നിന് 1000 രൂപ നിരക്കിൽ നഷ്ടപരിഹാരം ലഭിക്കും. കറയെടുക്കാത്ത മരങ്ങൾക്ക് ത്രൈ വാർഷിക പ്രീമിയമായി മരമൊന്നിന് 1.50 രൂപ വീതം അടച്ചാൽ മതിയാകും. ഇത്തരം മരങ്ങൾക്ക് 3 വർഷം വരെയുള്ള കാലയളവിൽ മേൽ വിവരിച്ചവ മൂലം കൃഷി നാശം സംഭവിച്ചാൽ മരമൊന്നിന് 200 രൂപ വീതം നഷ്ടപരിഹാരം ലഭിക്കും. 3-7 വർഷ കാലയളവിൽ ആണെങ്കിൽ മരമൊന്നിന് 600 രൂപ നഷ്ടപരിഹാരമായി ലഭിക്കും.<br><br>പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി ടാപ്പ് ചെയ്യാത്ത മരമൊന്നിന് 200 രൂപയും ടാപ്പ് ചെയ്യുന്ന മരമൊന്നിന് 300 രൂപയും നഷ്ടപരിഹാരമായി ലഭിക്കും. റബ്ബർ ബോർഡ്, കേരളത്തിലെ റബ്ബർ കർഷകർക്ക് പുതു കൃഷി/ആവർത്തന കൃഷിക്ക് ഹെക്ടറിന് 25,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നുണ്ട്. റബ്ബർ തോട്ടങ്ങളിൽ റെയിൻ ഗാർഡ് ചെയ്യുന്നതിന് പ്രതി ഹെക്ടർ 5000 രൂപയും മരുന്ന് തളിക്കുന്നതിന് 7500 രൂപയും ധനസഹായം നൽകുന്നുണ്ട്. ഇതിനുപുറമെ റബ്ബർ ഉത്പാദക സംഘങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി സമൂഹ സംസ്കരണശാലയിലെ വിവിധ ആവശ്യങ്ങൾ ക്കായി പരമാവധി ആറു ലക്ഷം രൂപയും നൽകിവരുന്നു. റബ്ബർ തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി വിദ്യാഭ്യാസ സഹായം, വനിതാ ടാപ്പർമാർക്കുള്ള പ്രത്യേക ധനസഹായം, പെൻഷൻ പദ്ധതി തുടങ്ങിയവയും നടപ്പിലാക്കി വരുന്നു. റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാൻ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് സർക്കാർ ഊന്നൽ നൽകുന്നുണ്ട്. ഇക്കാര്യത്തിനായി വ്യവസായ വകുപ്പിന് കീഴിൽ റബ്ബർ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി 'CIAL MODEL' ഒരു റബ്ബർ കമ്പനി " കേരള റബ്ബർ ലിമിറ്റഡ് " എന്ന പേരിൽ രൂപീകരിച്ച് 2021മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാർ കോമ്പൗണ്ട് റബ്ബറിന് പ്രഖ്യാപിച്ച വർദ്ധിപ്പിച്ച ഇറക്കുമതി ചുങ്കം റബ്ബർ കർഷകർക്ക് ആശ്വാസം നൽകില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ പ്രതികരിക്കുന്നതിനും ഇടപെടുന്നതിനും | (ബി) | കേന്ദ്ര സർക്കാർ 2023 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേന്ദ്ര ബജറ്റിൽ കോമ്പൗണ്ടഡ് റബ്ബറിന്റെ അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടി 10 % ൽ നിന്നും 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നാക്കി മാറ്റിയിട്ടുള്ളത് |

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റംഗങ്ങൾ മുന്നോട്ട് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കോമ്പൗണ്ടഡ് റബ്ബർ എന്ന പേരിൽ സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്ത് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറിന്റെ വില കുറയ്ക്കുന്ന നടപടി ഗണ്യമായി കുറയ്ക്കുമെന്നാണ് കേന്ദ്ര സർക്കാർ കരുതുന്നത്. |
| (സി) | സ്വാഭാവിക റബ്ബർ ഇറക്കുമതി നിയന്ത്രണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താമോ; വിശദമാക്കുമോ? | (സി) | സ്വാഭാവിക റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട് നിരവധി സമ്മർദ്ദങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ ചെലുത്തിവരുന്നുണ്ട്. തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കുരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70% ലേക്ക് ഉയർത്തണമെന്നും റബ്ബറിനെ " Make In India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടു ണ്ടെങ്കിലും നടപടി ഉണ്ടായിട്ടില്ല. ഇന്ത്യയിലേക്ക് ചണ്ടി റബ്ബർ (Cup Lump Rubber) ഇറക്കുമതി ചെയ്യുന്നതിന് നിലവിലുള്ള നിരോധനം തുടരണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര കോമേഴ്സ് & ഇൻഡസ്ട്രി മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. എല്ലാത്തരത്തിലുള്ള ഇറക്കുമതിയും കർഷകനെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിയിലുള്ള നിയന്ത്രണങ്ങൾ തുടരണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019-ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും ദേശീയ തലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പി ക്കുന്നതിനും മറ്റ് നിർമ്മാണ പ്രവൃത്തികളിൽ റബ്ബർ വുഡിന്റെയും റബ്ബർ അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. WTO കരാറിൽ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകൾ അറിയിച്ചുകൊണ്ട് കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രിക്കും കത്ത് സംസ്ഥാന സർക്കാർ അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ